സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കി സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി. 7614/21/പെൻ തിരുവനന്തപുരം.14.07.2023

**പരാമർശം:-** **13.07.2023-ലെ ബോർഡ് തീരുമാനം.**

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജോലി നോക്കി സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് കാലതാമസം നേരിടുന്നതിനാൽ പരിഹരിക്കപ്പെടാവുന്ന ന്യൂനതകൾ എത്രയും പെട്ടെന്ന് പരിഹരിച്ച് തീർപ്പാക്കുന്നതിനായി 18.08.2023-ൽ ബോർഡ് ആസ്ഥാനത്ത് വച്ച് പെൻഷൻ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചു. (പരാമർശം)

ഇതിലേക്ക് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും, പെൻഷൻ ആനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളുടെ വിവരം, തീയതി, ഇനിയും അനുവദിക്കാത്തവ, അനുവദിക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ 01.08.2023-ന് മുൻപായി ബോർഡ് ആഫീസിൽ സമർപ്പിക്കുന്നതിനും ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തി ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

**വിവരമറിയാനും നടപടിക്കുമായി പകർപ്പ്;-**

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ഇ.ഡി.പി സെക്ഷൻ
4. മിനിറ്റ്സ് സെക്ഷൻ
5. സെക്ഷൻ ഫയൽ
6. ഫെയർ ആഫീസ് കോപ്പി

**അംഗീകാരത്തോടെ**

**അസിസ്റ്റന്റ് സെക്രട്ടറി**